**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 326** **23-06-2026-ൽ മറുപടിയ്ക്ക്**

**ശരീര സൗന്ദര്യമത്സരത്തിലെ വിജയികൾക്ക് സംസ്ഥാന പോലീസ് വകുപ്പിൽ നിയമനം നൽകിയത് സംബന്ധിച്ച്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. മഞ്ഞളാംകുഴി അലി ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** ശരീര സൗന്ദര്യമത്സരത്തിലെ വിജയികൾക്ക് സംസ്ഥാന പോലീസ് വകുപ്പിൽ നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് ചട്ടത്തിന്റെ അടിസ്ഥാനത്തിലാണ് നിയമനം നൽകിയിട്ടുള്ളത്; നിലവിലെ ചട്ടങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ഇളവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തിന്റെ അടിസ്ഥാനത്തിലാണ് ഇളവ് വരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

**മറുപടി:** ഉണ്ട്. ശ്രീ. ചിത്തരേഷ് നടേശൻ, ശ്രീ. ഷിനു ചൊവ്വ എന്നിവർക്ക് പോലീസ് ആസ്ഥാനത്ത് നിന്നുള്ള യഥാക്രമം 10.03.2026- തീയതിയിലെ A7/21300/2025/PHQ, A7/21300/2025/PHQ(1) നമ്പർ നടപടിക്രമങ്ങൾ പ്രകാരം നിയമന ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

2019-ൽ ദക്ഷിണ കൊറിയയിൽ നടന്ന പതിനൊന്നാമത് അന്താരാഷ്ട്ര ബോഡി ബിൽഡിംഗ് ഫിസിക് സ്പോർട്സ് ചാമ്പ്യൻഷിപ്പിൽ മിസ്റ്റർ യൂണിവേഴ്സ് പട്ടം കരസ്ഥമാക്കിയ ശ്രീ. ചിത്തരേഷ് നടേശനും, ലോക പുരുഷ ശരീര സൗന്ദര്യ മത്സരങ്ങളിൽ തുടർച്ചയായി മൂന്ന് വർഷം ഇന്ത്യയെ പ്രതിനിധീകരിച്ച മെൻസ് ഫിസിക് വിഭാഗത്തിൽ ലോക ചാമ്പ്യൻഷിപ്പിൽ വെള്ളി മെഡൽ നേട്ടം കൈവരിച്ച ആദ്യ ഇന്ത്യക്കാരനും മലയാളിയുമായ ശ്രീ. ഷിനു ചൊവ്വയ്ക്കും, ടിയാൻമാരുടെ അന്താരാഷ്ട്ര തലത്തിൽ കൈവരിച്ച മികച്ച നേട്ടങ്ങളും കുടുംബ പശ്ചാത്തലവും കണക്കിലെടുത്ത്, അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസൃതമായ ക്ലാസ്-1 തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് 16.02.2021-ലെ സ.ഉ.(കൈ)നം.2/2021/കാ.യു.വ. പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി ആംഡ് പോലീസ് ബറ്റാലിയനിൽ ആംഡ് പോലീസ് ഇൻസ്പെക്ടർമാരുടെ രണ്ട് സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് അതിൽ ശ്രീ. ചിത്തരേഷ് നടേശനും ശ്രീ. ഷിനു ചൊവ്വക്കും നിയമനം നൽകി 29/01/2025-ലെ സ.ഉ.(കൈ)നം.17/2025/Home പ്രകാരം ഉത്തരവായിരുന്നു.

**(ബി)** ഇത്തരത്തിൽ നിയമനം ലഭിച്ചവർ കായിക യോഗ്യതാ പരീക്ഷകൾ എന്തെങ്കിലും വിജയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ,

**മറുപടി:** ശാരീരിക യോഗ്യതാ പരിശോധനയും ശാരീരിക ക്ഷമതാ പരീക്ഷയും 24.02.2025-ന് എസ്.എ.പി. ഗ്രൗണ്ടിൽ നടത്തുകയും, എന്നാൽ ശ്രീ. ചിത്തരേഷ് നടേശൻ National Physical Efficiency One Star Standard Test -നും ശാരീരിക യോഗ്യതാ പരിശോധനയ്ക്കും ഹാജരായിരുന്നില്ല. ശ്രീ. ഷിനു ചൊവ്വ National Physical Efficiency One Star Standard Test - ശാരീരിക യോഗ്യതാ

പരിശോധനയിലും പങ്കെടുത്തു. എന്നാൽ Physical Efficiency Test –ലെ 8 ഇനങ്ങളിൽ 4 ഇനങ്ങളിൽ മാത്രമാണ് ടിയാൻ വിജയിച്ചത്. ആയതിനാൽ ടിയാന് പോലീസ് സേനയ്ക്കായുള്ള National Physical Efficiency One Star Standard Test - ൽ യോഗ്യത നേടാനായില്ല. 29/01/2025 തീയതിയിലെ ജി.ഒ.(എം.എസ്സ്) നം. 17/2025/Home സർക്കാർ ഉത്തരവ് പ്രകാരം സൂപ്പർന്യൂമററി തസ്തികയിൽ സായുധ പോലീസ് ബറ്റാലിയൻ Armed Police Inspector (API) തസ്തികയിൽ നിയമിതരായ ശ്രീ. ചിത്തരേഷ് നടേശൻ, ശ്രീ. ഷിനു ചൊവ്വ എന്നീ രണ്ടു ഉദ്യോഗാർത്ഥികളെയും ഇതുവരെ പോലീസ് വകുപ്പിൽ പരിശീലനത്തിനായി പ്രവേശിപ്പിച്ചിട്ടില്ല.

**(സി)** അന്തർദേശീയ-ദേശീയ മത്സരങ്ങളിലെ വിജയികളായവർക്ക് പോലും നിയമനം നൽകാതെ ഇത്തരത്തിൽ നിയമനം നൽകിയത് ക്രമവിരുദ്ധമാണെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** പരിശോധിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**